# വീട്ടിൽ പ്രവേശിക്കുമ്പോൾ

അബ്ദുൽ ജബ്ബാർ അബ്ദുല്ല

വീട്ടിൽ പ്രവേശിക്കുമ്പോൾ:

- ബിസ്മി ചൊല്ലുക
- സലാം പറയുക

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

عن جابِرِ بنِ عبد الله أنه سمع النبي يقُولُ إِذَا دخلَ الرجلُ بيته فَذَكَر الله عند دخوله وعند طَعامه قَالَ الشيطَانُ لاَ مبِيت لَكُم ولاَ عشاَء، وإِذَا دخلَ فَلَم يذْكُر الله عند دخوله قَالَ الشيطَانُ أَدركْتم الْمبِيت، وإِذَا لَم يذْكُر الله عند طَعامه قَالَ أَدركْتم الْمبِيت والْعشاَء (مسلم)

((ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുകയും തന്റെ പ്രവേശനവേളയിലും ഭക്ഷണ വേളയിലും അല്ലാഹുവെ സ്മരിക്കുകയുമായാൽ ശൈത്വാൻ (തന്റെ കൂട്ടു കാരോടും കൂടെയുള്ളവരോടും) പറയും: ‘നിങ്ങൾക്ക് (ഇവിടെ) അന്തിയുറങ്ങു വാനും രാത്രിഭക്ഷണത്തിനും യാതൊരു വഴിയുമില്ല. ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുമ്പോൾ, തന്റെ പ്രവേശന വേളയിൽ അല്ലാഹുവെ സ്മരിക്കുവാൻ മറന്നാൽ ശൈത്വാൻ (തന്റെ കൂട്ടുകാരോടും കൂടെയുള്ളവരോടും) പറയും: ‘നിങ്ങൾ (ഇവിടെ) അന്തിയുറക്കം നേടിയിരിക്കുന്നു.’ തന്റെ ഭക്ഷണവേളയിൽ അല്ലാഹുവെ സ്മരിക്കുവാൻ മറന്നാൽ ശൈത്വാൻ (തന്റെ കൂട്ടുകാരോടും കൂടെയുള്ളവരോടും) പറയും: ‘നിങ്ങൾ (ഇവിടെ) അന്തിയുറക്കവും രാത്രിഭക്ഷ ണവും നേടിയിരിക്കുന്നു.’(മുസ്ലിം)